ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ആളുകൾ ആയുധങ്ങൾ ധരിക്കുന്നതിനേയും മറ്റും പറ്റി ചില ചട്ടങ്ങൾ നിലവിലുണ്ട്.

(ഡി) ഉണ്ട്.

റിസർവ്വിൽനിന്നു് തടിവെട്ടി വിൽക്കുന്നതിനെക്കുറിച്ചുള്ള പരാതി

* 733. [23] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിസർവ് ഫോറസ്റ്റിൽനിന്നു് അനധികൃതമായി ധാരാളം തടി വെട്ടി വിൽക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി അപ്രകാരം തടി വെട്ടി വിൽക്കുന്നതായി എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം അനധികൃതമായി തടി വെട്ടിയതിനു് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ എത്ര കേസുകൾ കണ്ടുപിടിച്ചിട്ടുണ്ടു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സംസ്ഥാനത്തെ റിസർവ്വ് ഫോറസ്റ്റിൽനിന്നു് അനധികൃതമായി തടി വെട്ടി വിൽക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) കിട്ടിയിട്ടുണ്ടു്. അവ അപ്പോഴപ്പോൾ അന്വേഷണം നടത്തി വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

(സി) 2575.

രണ്ടും അതിലധികവും കൊല്ലങ്ങളായി തീരുമാനിക്കപ്പെടാത്ത ഫയലുകൾ

* 734. [24] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ രണ്ടു കൊല്ലവും അതിൽക്കൂടുതലും പഴക്കമുള്ളതും തീരുമാനിക്കപ്പെടാതെയുള്ളതുമായ എത്ര ഫയലുകൾ ഇപ്പോൾ ഉണ്ടു്;

(ബി) ഓരോ ഡിപ്പാർട്ടുമെൻറിലും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 3457.

(ബി) ചീഫ് സെക്രട്ടറിയേറ്റ് ഡിപ്പാർട്ടുമെൻറ് 451
റവന്യൂ ഡിപ്പാർട്ടുമെൻറ് 1135
ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ് 525

LIBRARY ARCHIVES Kerala Legislative Assembly

ഫുഡ് ഡിപ്പാർട്ടുമെൻറ്	264
എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ്	210
പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറ്	823
ലാ ഡിപ്പാർട്ടുമെൻറ്	5
ഫിനാൻസ് ഡിപ്പാർട്ടുമെൻറ്	44

അദ്ധ്യാപകന്മാരുടെ ശമ്പളം

* 735. [25] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് പ്രൈമറിയും, പ്രൈവറ്റ് സെക്കൻഡറിയും അദ്ധ്യാപകന്മാരുടെ ശമ്പളം, അലവൻസ് മുതലായവ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസിനും തുല്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ആ തീരുമാനം എടുത്തത്;

(സി) എന്നു മുതൽ അദ്ധ്യാപകന്മാർക്ക് ഈ ശമ്പളം കിട്ടും;

(ഡി) സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർ അവരുടെ ആവശ്യതകൾ വിവരിച്ചുകൊണ്ട് വല്ല നിവേദനവും ഗവണ്മെൻറിനു നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈവറ്റ് പ്രൈമറിയും, പ്രൈവറ്റ് സെക്കൻഡറിയും അദ്ധ്യാപകന്മാരുടെ ശമ്പളം അലവൻസ് മുതലായവ പരിഷ്കരിക്കുന്ന പ്രശ്നം ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നുണ്ട്. അവസാന തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശമ്പള പരിഷ്കരണം എന്നു മുതൽ നടപ്പിലാക്കണമെന്നുള്ള കാര്യവും ആലോചിക്കുന്നുണ്ട്.

(ഡി) സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർ അവരുടെ പല ആവശ്യതകളും വിവരിച്ചുകൊണ്ട് പലപ്പോഴും നിവേദനങ്ങൾ ഗവണ്മെൻറിനു നൽകിയിട്ടുണ്ട്.

ഭാരതസേവാസംഘം

* 736. [26] ശ്രീ. കെ. പി. ഫോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ ഭാരതസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ എത്ര ക്യാമ്പുകൾ നടത്തി;

(ബി) പ്രസ്തുത ക്യാമ്പുകളിൽ പരിശീലനം ലഭിച്ച യുവതീയുവാക്കന്മാർ എത്ര?

(സി) എത്ര തുക വില മതിക്കാവുന്ന പൊതുമരാമത്തുപണികൾ മേൽ പറഞ്ഞ ക്യാമ്പുകളുടെ ആഭിമുഖ്യത്തിൽ ചെയ്തീർത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly